**പതിനാലാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2023 | 11.06.2018-ൽ മറുപടിക്ക് |
|---|---|

**പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന് നിശ്ചയിച്ചിട്ടുള്ള ഫീസ്**

| | ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നവർക്ക് അതിന് മുമ്പായി നേടിയെടുക്കേണ്ട പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഇപ്പോഴുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ)<br>&<br>(ബി) | വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അതാത് ജില്ലാ പോലീസ് മേധാവിക്കും യു.എ.ഇ.യിലേക്ക് പോകുവാൻ അപേക്ഷിക്കുന്നവർ അവരുടെ പോലീസ് സ്റ്റേഷനുകളിലും താഴെപ്പറയുന്ന നടപടി ക്രമങ്ങൾ പാലിച്ച് അപേക്ഷസമർപ്പിക്കേണ്ടതാണ്.<br>1) നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ<br>2) അഡ്രസ്സ് തെളിയിക്കുന്നതിനുള്ള രേഖകൾ.(റേഷൻ കാർഡ്, വോട്ടർ ഐ.ഡി, പാസ്സ്പോർട്ട്, എസ്.എസ്.എൽ.സി.ബുക്ക്, ആധാർകാർഡ്, കോപ്പി ഓഫ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക്-ഇവയിൽ ഏതെങ്കിലുമൊന്ന്)<br>3) ജനനതീയതി തെളിയിക്കുന്നതിനുള്ള രേഖ<br>4) പി.സി.സി എന്ത് ആവശ്യത്തിനാണ് എന്ന് കാണിക്കുന്ന രേഖ<br>5) പാസ്സ്പോർട്ട് സൈസ് ഫോട്ടോ (03 എണ്ണം)<br>6) പാസ്സ്പോർട്ടിന്റെ കോപ്പി |
| (ബി) | ഇതിനായി എത്ര രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇത് എപ്രകാരമാണ് അടയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | 7) 500/-രൂപ ഫീസും ആയതിന്റെ ജി.എസ്.ടി.തുകയായ 25/-രൂപയും അടക്കം 525/-രൂപയാണ് ഫീസ് അടയ്ക്കേണ്ടത്. സ്റ്റേഷനിൽ നിന്നും TR5 മുഖാന്തിരമോ, ട്രഷറി ചെലാൻ, ഓൺലൈൻ ചെലാൻ മുഖാന്തിരമോ ടി തുക അടയ്ക്കാവുന്നതാണ്. |
| (സി) | അന്യരാജ്യങ്ങളിൽ ജോലി ചെയ്തുകൊണ്ട് സർക്കാരിന്റെ വരുമാനത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്ന മറുനാടൻ മലയാളികൾക്ക് ഒരു സഹായമെന്ന രീതിയിൽ ഈ ഫീസ് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | ഫീസ് നിരക്ക് കുറക്കേണ്ടതുണ്ടെന്ന ആവശ്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ